Mathrubhumi 17-10-18, P-06

കുള്ളൻതെങ്ങ് വേണോ?

ഷിബുകുമാർ വി.എൻ.

തെങ്ങുകയറാൻ ആളെ കിട്ടാനുള്ള ബുദ്ധിമുട്ട് ആലോചിക്കുമ്പോഠം എങ്ങനെയെങ്കിലും കുറച്ച് കുള്ളൻ തെങ്ങുകഠം വാങ്ങി നടാം എന്നതാണ് നമ്മുടെ ചിന്ത. ശാസ്ത്രീയമായി പറഞ്ഞാൽ ചാവക്കാട് ഓറഞ്ച് ഡ്വാർഫ് (COD) അഥവാ ഗൗരീഗാത്രം, ചാവക്കാട് ഗ്രീൻ ഡ്വാർഫ് (CGD) അഥവാ പതിനെട്ടാം പട്ട എന്നിവയാണ് കേരളത്തിൻെറ തനതു കുള്ളൻ തെങ്ങുകഠം. കേരളത്തിന് ഏറ്റവും പറ്റിയ കുള്ളൻ തെങ്ങുകളും ഇവ തന്നെയാണ്. കൂടാതെ ഗംഗാ ബോണ്ടം, മലേഷ്യൻ ഇനങ്ങളായ മലയൻ ഗ്രീൻ ഡ്വാർഫ് (MGD), മലയൻ ഓറഞ്ച് ഡ്വാർഫ് (MOD), മലയൻ യെല്ലോ ഡ്വാർഫ് (MYD) എന്നിവയും കുറിയ ഇനങ്ങളായി കണക്കാക്കപ്പെടുന്നു.

കുള്ളൻ തെങ്ങുകളെക്കുറിച്ച് കർഷകർക്ക് ശരിയായ അവബോധമുണ്ടോ? വിളവെടുക്കാനുള്ള എളുപ്പം, മധുരമുള്ള ഇളനീർ, കാണാനുള്ള ഭംഗി, സങ്കരയിനം തെങ്ങുകളുടെ ഉത്പാദനത്തിന് ഉപയോഗിക്കാം എന്നിവയാണ് കുള്ളൻ തെങ്ങുകളുടെ പ്രയോജനം.

കുറിയ തെങ്ങുകഠംക്ക് അനേകം ദോഷവശങ്ങളുണ്ട്. ഒരു നാണ്യവിള എന്ന രീതിയിൽ നോക്കുമ്പോഠം കുറിയ തെങ്ങുകഠം ഇളനീരിനും അലങ്കാരത്തിനും ബ്രീഡിങ് ആവശ്യങ്ങഠംക്കും മാത്രം ഉപയോഗിക്കുന്നതാണ് അഭികാമ്യം.

രോഗകീടങ്ങളുടെ ആക്രമണത്തിന് ഏറ്റവും കൂടുതൽ വിധേയമാകുന്നത് കുള്ളൻ തെങ്ങുകളാണ്. മധുരമുള്ള മണ്ടഭാഗം കീടങ്ങഠംക്ക് ഏറെ ഇഷ്ടമാണ്. ഉയരക്കുറവായതിനാൽ പറന്നെത്താനും എളുപ്പം. അതിനാൽതന്നെ കൊമ്പൻചെല്ലി, ചെമ്പൻചെല്ലി എന്നിവയുടെ ആക്രമണം ഇവയിൽ അതിരൂക്ഷമാണ്. ഇതുമൂലം തെങ്ങുകഠം നട്ടുവളർത്തി കുലപ്പിക്കുന്നത് അതിവ ദുഷ്കരമാണ്.

കുള്ളൻ തെങ്ങിലെ നാളികേരം പൊതുവേ ചെറുതും ഗുണമേന്മ കുറഞ്ഞതുമാണ്. ഒന്നിടവിട്ട വർഷങ്ങളിൽ മാത്രമാണ് ഇവ കായ്ഫലം തരുന്നത്. നല്ല നാടൻ തെങ്ങുകഠം 60 വർഷത്തിനുമുകളിൽ എല്ലാ വർഷവും സ്ഥിരമായി വിളവുതരുമ്പോഠം കുള്ളൻ തെങ്ങുകഠം 20-25 വർഷം മാത്രമാണ് ഒന്നിടവിട്ട വർഷങ്ങളിൽ വിളവുതരുന്നത്.

നീര, കള്ള് എന്നിവയുടെ ഉത്പാദനത്തിനും കുള്ളൻ തെങ്ങുകഠം ആദായകരമല്ല. ആരോഗ്യമുള്ള നാടൻ തെങ്ങുകളാണ് നീരയ്ക്കും കള്ളിനും ഏറ്റവും പറ്റിയ ഇനം. വീടിന് അലങ്കാരമായും മധുരമുള്ള കരിക്കിനുംവേണ്ടി മാത്രം ഒന്നോ രണ്ടോ കുള്ളൻ തെങ്ങുകഠം വീട്ടിൽ നട്ടുവളർത്തുക.

കേരകർഷകന് ഇന്ന് ആവശ്യം സ്ഥായിയായ വരുമാനം ലഭിക്കുന്ന തനതു നാടൻ ഇനങ്ങളാണ്. ഓരോ പ്രദേശത്തിനും യോജിച്ച രോഗപ്രതിരോധശേഷിയുള്ള തനിനാടൻ ഇനങ്ങളിൽ നിന്നും മാതൃവൃക്ഷം തിരഞ്ഞെടുത്ത് അതിൽനിന്നും ഗുണമേന്മയുള്ള വിത്തുതേങ്ങ സംഭരിച്ച് പാകി, നല്ല തൈകഠം മാത്രം നടാൻ ഉപയോഗിക്കുക. സംയോജിത വളപ്രയോഗം, സംയോജിത കീടനിയന്ത്രണം എന്നിവ അവലംബിച്ച് പരമാവധി ഉത്പാദനം കൈവരിക്കാനാണ് കർഷകൻ പരമാവധി ശ്രമിക്കേണ്ടത്.

(കോഴിക്കോട് കൃത്താളിയിലെ ജില്ലാ കൃഷിത്തോട്ടം കൃഷി അസിസ്റ്റൻറ് ഡയറക്ടറാണ് ലേഖകൻ)

ബീൻസ് നടാൻ നേരമായി

പ്രമോദ് മാധവൻ

ഇളംപച്ച നിറത്തിൽ മാംസളമായ നീണ്ട ബീൻസ് കൊണ്ടുള്ള തോരൻെറ സ്വാദ് ഒന്നുവേറെത്തന്നെ. ബീൻസ് എന്ന് നമ്മഠം വിളിക്കുമെങ്കിലും ഫ്രഞ്ച് ബീൻസ് എന്നാണ് ശരിയായ പേര്. കേരളത്തിൻെറ സമതല പ്രദേശങ്ങളിൽ വൃശ്ചികം, ധനു, മകരം എന്നി മാസങ്ങഠം കൃഷിക്ക് അനുയോജ്യം.

ബീൻസ് രണ്ടുതരമുണ്ട്. ബുഷ് ബീൻസ് എന്ന കുറ്റി ബീൻസ്. പോഠം ബീൻസ് എന്ന വള്ളി ബീൻസ്

ബുഷ് ബീൻസ്

ഇവയ്ക്ക് താങ്ങുകാലുകഠം ആവശ്യമില്ല. പടർന്നു വളരുകയുമില്ല. ഒരു സെൻറ് സ്ഥലത്ത് കൃഷിചെയ്യാൻ 200 ഗ്രാം വിത്ത് വേണം. സെൻറിന് 100 കി.ഗ്രാം അഴുകിപ്പൊടിഞ്ഞ ചാണകപ്പൊടി ഇടാം. വരികഠം തമ്മിൽ 40 സെൻറിമീറ്ററും വരികളിലെ ചെടികഠം തമ്മിൽ 15 സെൻറിമീറ്ററും അകലം നൽകാം. 45-50 ദിവസങ്ങഠംകൊണ്ട് വിളവെടുപ്പാരംഭിക്കാം.

പോൾ ബീൻസ്

നീളംകൂടിയ മാംസളമായ കായകളാണ് ഇവയ്ക്ക്. ബട്ടർ ബീൻസ് എന്നയിനവും പ്രചാരത്തിലുണ്ട്. സെൻറിന് 250 കി.ഗ്രാം അഴുകിപ്പൊടിഞ്ഞ ചാണകപ്പൊടി അടിവളമായി നൽകണം. വള്ളി വിശുമ്പോഴും പുഷ്പിക്കുമ്പോഴും മേൽവളങ്ങഠം നൽകണം. 18:18:18 പോലെയുള്ള വളങ്ങളാണ് മേൽവളമായി നൽകാൻ ഉത്തമം.

ഒരു സെൻറിൽ നടാൻ 100 ഗ്രാം വിത്ത് വേണം. പണകോരി ഒന്നരമീറ്റർ അകലത്തിൽ രണ്ടുവീതം പാകണം. കുത്തനെ പടർന്നുവളരുന്നതിനായി കമ്പുകഠം നാട്ടിക്കൊടുക്കണം. വെറ്റിലക്കൊടി പടർത്തുന്നതുപോലെ പടർത്തുകയും ചെയ്യാം.

രണ്ടടി ഉയരമെത്തുമ്പോഠം കൂടുതൽ ശിഖരങ്ങളുണ്ടാകാൻ തലഭാഗം നുള്ളിക്കൊടുക്കാം. 45-50 ദിവസമാകുമ്പോഠം കായ്യിടിത്തം തുടങ്ങും.

(ആലപ്പുഴ മങ്കൊമ്പ് കേരള സെൻറർ ഫോർ പെസ്റ്റ് മാനേജ്മെൻറിലെ കൃഷി ഓഫീസറാണ് ലേഖകൻ)

പുതച്ചു വളർത്താം സബ്സിഡിയോടെ

വിണാറാണി. ആർ

പച്ചക്കറി വികസന പദ്ധതി പ്രകാരം 50 സെന്റ് സ്ഥലത്ത് പച്ചക്കറി പുതച്ചുവളർത്താൻ 30,000 രൂപ ആനുകൂല്യം കിട്ടും. വിവരങ്ങൾക്ക് കൃഷിഭവനുമായി ബന്ധപ്പെടാം

കൃഷിച്ചെലവിൻെറ 60 ശതമാനം കൂലിയായി നൽകേണ്ടി വരുന്നതാണ് പച്ചക്കറികൃഷിയിലെ പ്രധാന പ്രശ്നം. അധ്വാനം മാത്രമല്ല വെള്ളവും വളവും പരമാവധി കുറച്ചുകൊണ്ട് ഉത്പാദനം ഏറ്റവും കൂടുതൽ ഉണ്ടാക്കാനുള്ള ഉത്തമ മാർഗം അതാണ് പ്രിസിഷൻ ഫാമിങ്. ഓരോ തുള്ളി വെള്ളവും ചെടിയുടെ വേരുപടലത്തിൽ തന്നെ എത്തിക്കാൻ കഴിയുന്നുവെന്നു മാത്രമല്ല വെള്ളത്തോടൊപ്പം വളവും കണിക രൂപത്തിൽ ഡ്രിപ്പുകളിലൂടെ നൽകുന്നുവെന്നതാണ് ഇതിൻെറ ഏറ്റവും വലിയ നേട്ടം.

പച്ചക്കറികൃഷിക്കനുയോജ്യമായ നീർവാർച്ചയും സൂര്യപ്രകാശവും ലഭിക്കുന്ന ഏതു സ്ഥലവും പ്രസിഷൻ ഫാമിങ്ങിന് വഴങ്ങും. മണ്ണ് നന്നായി ഉഴുതു മറിച്ച് ഒരു മീറ്റർ വീതിയും 15 സെ.മി ഉയരവുമുള്ള ബെഡ്ഡുകഠം തയ്യാറാക്കുന്നതാണ് ഒന്നാംഘട്ടം. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കുമ്മായവും ജൈവവളവും ചേർക്കുന്നതാണ് അടുത്ത ഘട്ടം. തെരഞ്ഞെടുക്കുന്ന പച്ചക്കറിയുടെ വളർച്ചാരീതിക്കനുസരിച്ച് ഒരു വരിയിൽ ഒന്നോ രണ്ടോ ഡ്രിപ്പ് ലൈനർ ഇട്ട് കൊടുക്കാം. നിശ്ചിത മർദത്തിൽ പ്രവർത്തിക്കുമ്പോഠം രണ്ടുലിറ്റർ വെള്ളം നൽകാൻ കഴിവുള്ള ഡ്രിപ്പുകളാണ് അനുയോജ്യം. മണ്ണിലെ ജലാംശം നിലനിർത്താനും ചൂട് കുറയ്ക്കാനും മണ്ണൊലിപ്പ് തടയാനും കള നിയന്ത്രിക്കാനും പുതയാണ് നല്ലത്. 1.2 മീറ്റർ വീതിയും മൂന്നു മൈക്രോൺ കനവുമുള്ള പുത കൊണ്ട് ഒരു മീറ്റർ വീതിയുള്ള ബഡ്ഡ് നന്നായി പുതപ്പിച്ച് നിർത്താം. ഡ്രിപ്പുകഠം വരുന്ന സ്ഥലങ്ങളിൽ രണ്ടിഞ്ച് വ്യാസത്തിലുള്ള തുളയിട്ട് ചെടി നടാം. ചെടി നടുന്നതിനു മുമ്പായി ബഡ്ഡ് നന്നായി നനയുന്നതിനും വേണ്ടി 3 മണിക്കൂർ വരെ ഡ്രിപ്പുകഠം പ്രവർത്തിപ്പിക്കണം.

വെള്ളത്തിൻെറ ഉപയോഗക്ഷമത പത്തിരട്ടിയും രാസവളങ്ങളുടേത് 80 മുതൽ 95 ശതമാനം വരെ വർധിപ്പിക്കാനും കൃത്യതാ കൃഷിയിലൂടെ സാധിക്കും. ഉത്പാദനം സാധാരണ കൃഷി രീതിയേക്കാഠം 30 ശതമാനം കൂട്ടാനും പുതച്ചു വളർത്തലിലൂടെ കഴിയും. കേരള കാർഷിക സർവകലാശാലയുടെ തവനൂരിൽ പ്രവർത്തിക്കുന്ന കേളപ്പജി കോളേജ് ഓഫ് എൻജിനിയറിങ് ആൻഡ് ടെക്നോളജിയാണ് പ്രിസിഷൻ ഫാമിങ്ങിൻെറ നോഡൽ ഏജൻസി .

കാർഷികരംഗം

കൂടുതൽ കൃഷി വാർത്തകൾക്ക്
www.mathrubhumi.com/agriculture

കാർഷിക രംഗത്തിലേക്കുള്ള കുറിപ്പുകഠം അയക്കേണ്ട വിലാസം: പത്രാധിപർ, കാർഷികരംഗം, മാതൃഭൂമി, കെ.പി. കേശവമേനോൻ റോഡ്, കോഴിക്കോട്-673001

അറിയാൻ

■ ജൈവ പച്ചക്കറി നൽകാം

റിസോർട്ടുകളിലേക്കും ഹോട്ടലുകളിലേക്കും ജൈവ പച്ചക്കറി, പഴവർഗം, മുട്ട, പാൽ, പാലുത്പന്നങ്ങഠം, തേങ്ങ, കരിക്ക് തുടങ്ങിയ ഉത്പന്നങ്ങഠം, മൂല്യവർധിത ഭക്ഷ്യ ഉത്പന്നങ്ങഠം എന്നിവ ഉത്പാദിപ്പിച്ച് വിപണനം ചെയ്യാൻ താത്പര്യമുള്ള കർഷകർ, കർഷക ഗ്രൂപ്പുകഠം, കുടുംബശ്രീ ഗ്രൂപ്പുകഠം എന്നിവർക്ക് ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്യാം. രജിസ്ട്രേഷൻ ഫോഠം www.keralatourism.org/rt എന്നസൈറ്റിൽ ലഭിക്കും. വിലാസം: ഉത്തരവാദിത്വ ടൂറിസം സംസ്ഥാന മിഷൻ കോ-ഓർഡിനേറ്റർ, ഉത്തരവാദിത്വ ടൂറിസം സംസ്ഥാന മിഷൻ ഓഫീസ്, ടൂറിസം ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

■ പൈനാപ്പിൾ സംസ്കരണം

വാഴക്കുളം പൈനാപ്പിഠം ഗവേഷണകേന്ദ്രത്തിൽ ഒക്ടോബർ 22-ന് പൈനാപ്പിഠം, പാഷൻ ഫ്രൂട്ട് എന്നിവയുടെ സംസ്കരണത്തെപ്പറ്റി പരിശീലന ക്ലാസ് നടത്തുന്നു. ഫോൺ: 0485 2260832

■ തൈകൾ വില്പനയ്ക്ക്

ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ ആകാശ വെള്ളരിത്തൈകഠം, കരിമുണ്ട ഇനത്തിലുള്ള കുരുമുളക് വള്ളികഠം, ഗ്രോബാഗിലുള്ള കുറ്റിക്കുരുമുളക്, മംഗള അടയ്ക്ക, കറിവേപ്പില എന്നിവയുടെ തൈകഠം തുടങ്ങിയവ ലഭിക്കും. ഫോൺ: 0471 2530035

■ കാർഷികയന്ത്ര പരിരക്ഷണം

കേരള കാർഷിക സർവകലാശാല മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ നടത്തുന്ന കാർഷിക യന്ത്ര പരിരക്ഷണ പരിശീലനത്തിലേക്ക് അപേക്ഷ ക്ഷണിച്ചു. ഫോൺ: 833 0870726.